**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147** **01-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കോടതി സമുച്ചയം നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ കോടതി സമുച്ചയം നിർമാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ ഒന്നാം നിലയ്ക്കുള്ള സ്ലാബിന്റെ കോൺക്രീറ്റ് വർക്ക് പൂർത്തിയായി. തുടർന്നുള്ള നിലകളുടെ നിർമാണത്തിനായി 2.4 മീറ്റർ നീളമുള്ള കോളങ്ങളുടെ നിർമാണവും പൂർത്തിയായി. ശേഷിക്കുന്ന നിലകൾക്കുള്ള സ്ലാബിന്റെയും ബീമിന്റെയും നിർമാണത്തിനുള്ള ഡിസൈൻ ലഭ്യമായതിനുശേഷം ബാക്കിയുള്ള ജോലികൾ ആരംഭിക്കും. |
| (ബി) | ഈ പ്രവൃത്തി ആരംഭിച്ചത് എപ്പോഴാണെന്നും പൂർത്തീകരിക്കാൻ അനുവദിച്ച തീയതി എന്നാണെന്നും വ്യക്തമാക്കാമോ; | (ബി) | നിർമാണ പ്രവൃത്തി 13.03.2020-ന് കരാറുകാരനെ ഏൽപ്പിച്ചിരുന്നു. നിർമാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ അനുവദിച്ച തീയതി 12.03.2023-ന് ആണ്. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ; | (സി) | കെട്ടിടത്തിന്റെ ശേഷിക്കുന്ന നിലകളുടെ നിർമാണം ആരംഭിക്കുന്നതിന് എത്രയും വേഗം ഡിസൈൻ നൽകാൻ പി.ഡബ്ല്യു.ഡി ഡിസൈൻ വിംഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ കെട്ടിടത്തിന്റെ പൂർണ്ണമായ ഡിസൈൻ പൊതുമരാമത്ത് വകുപ്പിൽ നിന്ന് സമയബന്ധിതമായി കിട്ടാത്തത് നിർമാണത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സമയബന്ധിതമായി ഡിസൈൻ ലഭ്യമാകാത്തത് പരിശോധിച്ച് വരുന്നു. 2023 ഫെബ്രുവരി ആദ്യവാരം ഡിസൈൻ ലഭ്യമാകുമെന്ന് പൊതുമരാമത്ത് ഡിസൈൻ വിഭാഗം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ